പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 155 — 12-02-2013 -ൽ മറുപടിക്ക്.

## പ്രഖ്യാപിത മദ്യ നയത്തിൽ അടിക്കടി ഉണ്ടാകുന്ന മാറ്റം

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി:
" പി. കെ. ഗുരുദാസൻ:
" സി. കൃഷ്ണൻ:
" കെ.വി. വിജയദാസ്:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൽ എത്ര തവണ മാറ്റം വരുത്തുകയുണ്ടായി; ഒടുവിലത്തെ പ്രഖ്യാപിത മദ്യനയത്തിന് ഇപ്പോൾ പ്രാബല്യമുണ്ടോ;

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൽ 3 തവണ മാറ്റം വരുത്തിയിട്ടുണ്ട്. 3 സ്റ്റാർ ഹോട്ടലുകൾക്ക്, 01-04-2012 മുതൽ ബാർ ലൈസൻസ് നല്കുന്നത് അവസാനിപ്പിക്കുന്നതാണ് എന്നതായിരുന്നു പ്രഖ്യാപിത മദ്യനയമെങ്കിലും, മദ്യത്തിന്റെ ലഭ്യതയും, ഉപഭോഗവും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ, 09-12-2011 മുതൽ തന്നെ, അടിയന്തിര പ്രാധാന്യത്തോടെ, 3 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നല്കുന്നത് അവസാനിപ്പിക്കുന്നതിനും, പിന്നീട് ബഹു. ഹൈക്കോടതിയുടെ W.P.(C)10581/12 -ൽ ഉണ്ടായ വിധിന്യായത്തിന്റെ വെളിച്ചത്തിൽ, പ്രാദേശിക വ്യത്യാസമില്ലാതെ, ബാറുകളുടെ പ്രവർത്തന സമയം രാവിലെ 8 മുതൽ രാത്രി 11 വരെയായി നിജപ്പെടുത്തുന്നതിനും, 2011-12 -ലെ മദ്യനയത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ W.A.470/12 നമ്പർ കേസിലെ വിധിയുടെയും, ബഹു. സുപ്രീം കോടതിയുടെ SLP-26241-26243/12 നമ്പർ കേസിലെ ഇടക്കാല ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ബാർ ലൈസൻസുകൾ അനുവദിക്കാൻ നിർബന്ധിതമായ സാഹചര്യത്തിൽ, സമഗ്ര മദ്യനയം രൂപീകരിക്കുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിനായി നിയമിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ, FL-3 ലൈസൻസുകൾ അനുവദിക്കേണ്ടതില്ലെന്ന നയപരമായ തീരുമാനവും കൈക്കൊണ്ടിട്ടുണ്ട്. പ്രഖ്യാപിത മദ്യനയത്തിന് ഇപ്പോഴും പ്രാബല്യമുണ്ട്.

(ബി) നയം മാറ്റേണ്ടിവരുന്ന സാഹചര്യം വിശദമാക്കാമോ; വീണ്ടും മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 3 സ്റ്റാർ ഹോട്ടലുകൾക്ക്, ബാർ ലൈസൻസ്, 01-04-2012 മുതൽ നല്കേണ്ടതില്ല എന്ന നയം തിരുത്തി, 09-12-2011 മുതൽ തന്നെ 3 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നത് നിർത്തി വച്ചതിന് മുഖ്യകാരണം, മദ്യത്തിന്റെ അമിത ഉപഭോഗം നിയന്ത്രിക്കുക എന്ന ലക്ഷ്യമാണ്. ബഹു. കേരള ഹൈക്കോടതിയുടെ W.A.470/12 നമ്പർ കേസിലെ വിധിയുടെയും ബഹു. സുപ്രീംകോടതിയുടെ SLP-26241-26243/12 നമ്പർ കേസിലെ ഇടക്കാല ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ബാർ ലൈസൻസുകൾ അനുവദിക്കാൻ നിർബന്ധിതമായ സാഹചര്യത്തിൽ, സമഗ്ര മദ്യനയം രൂപീകരിക്കുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിന് നിയമിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ FL-3 ലൈസൻസുകൾ അനുവദിക്കേണ്ടതില്ലെന്ന നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ, ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട W.P.(C)10581/12-ൽ ഉണ്ടായ വിധി ന്യായത്തിന്റെ വെളിച്ചത്തിലാണ്, പ്രാദേശിക വ്യത്യാസമില്ലാതെ, ബാറുകളുടെ പ്രവർത്തന സമയം രാവിലെ 8 മുതൽ രാത്രി 11 വരെയായി നിജപ്പെടുത്തി സർക്കാർ ഉത്തരവിറക്കിയത്. മദ്യനയത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിയമഭേദഗതികൾ, ബഹു. കേരള ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിലാണ്, പ്രഖ്യാപിത മദ്യനയത്തിൽ ഭേദഗതി / മാറ്റം വരുത്തേണ്ടി വന്നത്. ടി ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ, അബ്കാരി നയത്തിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് പഠിക്കുന്നതിന്, 23-01-2013-ലെ ജി.ഒ. (എം.എസ്) നം.12/13/ റ്റിഡി. നമ്പർ ഉത്തരവ് പ്രകാരം, റിട്ട. ഹൈക്കോടതി ജസ്റ്റിസ് ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സമഗ്ര മദ്യനയം പ്രഖ്യാപിക്കുന്നതാണ്.

(സി) സ്റ്റാർ ഹോട്ടലുകളുടെ ബാർ ലൈസൻസ് സംബന്ധിച്ച കേസിൽ പ്രഖ്യാപിത നയത്തിനനുസരിച്ച് ഹൈക്കോടതിയിൽ സർക്കാരിനു വേണ്ടി വാദിക്കുകയുണ്ടായോ; കേസിൽ തോറ്റുപോകാനിടയായ സാഹചര്യം എന്തായിരുന്നു;

(സി) സർക്കാരിന്റെ മദ്യനയത്തിനനുസരിച്ചാണ്, ഹൈക്കോടതിയിൽ കേസ് വാദിച്ചിട്ടുള്ളത്. 2012-13 മുതൽ, ഫോർ സ്റ്റാർ / ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളൂവെന്നും, പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ, പഞ്ചായത്തുകളിൽ 3 കിലോമീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തികളിൽ 1 കിലോമീറ്റ

| | | |
|---|---|---|
| | | റും, നിലവിലുള്ള ബാർ ഹോട്ടലിൽ നിന്ന പുതിയതായി അനുവദിക്കുന്ന ബാർ ഹോട്ടലു കൾക്ക് ദൂരപരിധി വേണമെന്ന നിബന്ധനയും ഏർപ്പെടുത്തി. എന്നാൽ, ബഹു. ഹൈക്കോടതി, 27-07-2012-ലെ W.A.470/2012 വിധിന്യായത്തിലൂടെ ടി രണ്ട് ഭേദഗതികളും അസാധുവാക്കിയ സാഹചര്യത്തിൽ, ബഹു. സുപ്രീം കോടതി മുമ്പാകെ SLP ഫയൽ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ സദുദ്ദേശം, കോടതി വേണ്ട പോലെ കണക്കിലെടുക്കാത്തതു മൂലമാണ് കേസ് തോറ്റുപോയിട്ടുള്ളത്. |
| (ഡി) | പ്രഖ്യാപിത നയത്തിന് വിരുദ്ധമായി എത്ര ബാറുകൾക്ക് അനുമതി നൽകുകയുണ്ടായി? | (ഡി) എഫ്.എൽ.3 ലൈസൻസിനായുള്ള 14 അപേക്ഷകൾ, ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, നിബന്ധനകൾക്ക് വിധേയമായി, സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ